**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. എസ്. പ്രസന്നനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1633/2018/തസ്വഭവ　　　　　　തീയതി, തിരുവനന്തപുരം, 16.06.2018

================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09.02.2015-ലെ ഇ 3(ക്യൂവി05/2013/പിടിഎ)25258/2013 നമ്പർ കത്ത്

2. സർക്കാരിന്റെ 04.11.2016-ലെ ഇപിബി2/108/2016/തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീ. എസ്. പ്രസന്നൻ സമർപ്പിച്ച പ്രതിവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 17.01.2018-ലെ ഡി6-40003/16 നമ്പർ കത്ത്

**ഉത്തരവ്**

ബഹു. കോട്ടയം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കോട്ടയം ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

ശ്രീ. ടോമി എബ്രഹാം, മണിമലേത്ത് വീട് എന്നവർ തന്റെ ഉടമസ്ഥതയിലുള്ള അത്തിക്കയം വില്ലേജിൽപ്പെട്ട 2.2278 ഹെക്ടർ സ്ഥലത്ത് പാറഖനനം നടത്തുന്നതിന് 28.12.2012-ന് പഞ്ചായത്ത് ഓഫീസിൽ ഡി&ഒ ലൈസൻസ് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് 19.02.2013-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി ടിയാന് ഡി&ഒ ലൈസൻസ് നൽകുന്നതിന് തീരുമാനമെടുത്ത് ലൈസൻസ് നൽകുന്നതിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി. പഞ്ചായത്ത് സെക്രട്ടറി ഡി&ഒ ലൈസൻസ് നൽകുന്നതിനായി ഹെഡ് ക്ലാർക്ക് ശ്രീമതി. എം.കെ. കുമാരിയെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഹെഡ് ക്ലാർക്കിന്റെ നിർദ്ദേശാനുസരണം ശ്രീ ടോമി അബ്രഹാം ലൈസൻസ് ഫീസ് ഇനത്തിൽ 16,752/- രൂപ അടയ്ക്കുകയും ആയത് 30.03.2013-ൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. തുടർന്ന് 31-ാം തീയതി ഞായറാഴ്ച ആയതിനാൽ ടിയാരി 30.03.2013-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനെത്തുടർന്ന് അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിക്കുകയുണ്ടായില്ല. തുടർന്ന് 03.04.2013-ൽ ശ്രീമതി. എം.കെ. കുമാരി ഓഫീസിൽ എത്തിയപ്പോഴാണ് ശ്രീ. ടോമി അബ്രഹാമിന് ഡി&ഒ ലൈസൻസ് നൽകാത്തതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ശ്രീമതി. എം.കെ. കുമാരി ലൈസൻസ് അനുവദിക്കുന്നതിനായി സെക്രട്ടറി മുമ്പാകെ ഫയൽ സമർപ്പിച്ചു. എന്നാൽ ഹെഡ് ക്ലാർക്ക് സേവനത്തിൽ നിന്നും വിരമിച്ച കാരണത്താൽ ആയത് നിരസിക്കുകയും ഹെഡ് ക്ലാർക്കിൽ നിന്നും പ്രസ്തുത ഫയൽ വാങ്ങിച്ച് ലൈസൻസ് നൽകാതെ സെക്രട്ടറി കൈവശമാക്കുകയുമുണ്ടായി. ഇതിനിടയിൽ ക്വാറിയ്ക്കടുത്തുള്ള പ്രദേശ വാസികൾ പാറഖനനത്തിനെതിരെ ഉപരോധിച്ചതിനാൽ സെക്രട്ടറി ലൈസൻസ് അപേക്ഷകന് കൈമാറാതെ കൈവശം സൂക്ഷിക്കുകയും, സെക്ഷൻ ക്ലാർക്ക് ശ്രീ. വേണുഗോപാൽ ലൈസൻസ് ഫീസായി അടച്ച തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയത് മായ്ക്കുകയും ചെയ്തു. ഇത്തരത്തിൽ അപേക്ഷകൻ ലൈസൻസ് ഫീസ് അടച്ച് ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ലൈസൻസ് അപേക്ഷകന് യഥാസമയം കൈമാറാതെ കൈവശം വച്ചതിന് സെക്രട്ടറിയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ

ഡി & ഒ ലൈസൻസ് അപേക്ഷകന് നൽകുന്ന കാര്യത്തിൽ വ്യക്തമായ വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നില്ലെന്നും ലൈസൻസ് അപേക്ഷകന് നേരിട്ട് നൽകേണ്ട ദൗത്യം സെക്രട്ടറി തന്നെ നേരിട്ട് നിർവ്വഹിക്കേണ്ടതില്ലെന്നും അത് സെക്ഷൻ ക്ലാർക്ക് മുഖാന്തിരം ഫ്രണ്ട് ഓഫീസിലൂടെ വിതരണം ചെയ്യേണ്ടതാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ സെക്രട്ടറിയുടെ ഭാഗത്തു നിന്ന് മാത്രം വീഴ്ചയുണ്ടായതായി കണക്കാക്കാൻ കഴിയില്ലെന്നും, ശ്രീ.എസ് പ്രസന്നൻ 2017 മെയ് മാസം 30-ാം തീയതി സർവ്വീസിൽ നിന്ന് വിരമിച്ചു എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. എസ്. പ്രസന്നൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 19.02.2013-ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി ടിയാന് ലൈസൻസ് നൽകുന്നതിന് തീരുമാനമെടുത്തെന്ന് ശ്രീ. എസ് പ്രസന്നന്റെ എതിർവാദ പത്രികയിൽ പറയുന്നുടെങ്കിലും ഇത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ടി കാലയളവിലെ പഞ്ചായത്ത് കമ്മിറ്റി മിനിട്ട്സ് പരിശോധനക്ക് ലഭ്യമാകാതിരുന്നതിൽ നിന്നും ലൈസൻസിൽ സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തിയതിന് ശേഷം ഒരു ദിവസം മാത്രം സേവനത്തിലുണ്ടായിരുന്ന ഹെഡ് ക്ലാർക്ക് ടി ഒപ്പിട്ട ലൈസൻസ് വിരമിച്ച അവസരത്തിൽ ചുമതല കൈമാറിയപ്പോൾ കൈമാറിയില്ലെന്നും 03.04.2014-ൽ ഓഫീസിൽ വന്നപ്പോൾ സെക്ഷൻ ക്ലാർക്കിനെ ഏൽപിക്കാൻ നിർദ്ദേശിച്ചുവെന്നുമുള്ള ശ്രീ. എസ്. പ്രസന്നന്റെ മറുപടിയിൽ നിന്നും (ഹെഡ്ക്ലാർക്കോ സെക്രട്ടറിയോ അല്ല ഈ ലൈസൻസ് സൂക്ഷിച്ചു വച്ച് അപേക്ഷകന് നൽകേണ്ടത്. സ്വാഭാവികമായും സ്വീകരിക്കേണ്ട നടപടിക്രമങ്ങളിൽ നിന്ന് വ്യത്യസ്തമായി ഹെഡ് ക്ലാർക്ക് ലൈസൻസ് കൈവശം വച്ചത് തെറ്റായ നടപടിയാണ്) ലൈസൻസ് അപേക്ഷകൻ കൈപ്പറ്റിയത് എന്നാണെന്ന് കണ്ടെത്താൻ ഫ്രണ്ട് ഓഫീസ് ഡയറി പരിശോധനക്ക് ലഭ്യമാക്കിയുമിരുന്നില്ല എന്നതിൽ നിന്നൊക്കെ സെക്രട്ടറിയുടെ കൈയിൽ നിന്നും ടിയാളിൽ നിന്നും സൂപ്പർവൈസറി ലാപ്സ് ഉണ്ടായിട്ടുണ്ട് എന്ന് മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ശ്രീ. പ്രസന്നൻ പൂർണമായും നിരപരാധിയാണെന്ന് കാണുവാൻ സാധിക്കുകയില്ല. എന്നാൽ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പെൻഷനിൽ നിന്നും കുറവ് വരുത്തുന്ന നടപടികൾ സ്വീകരിക്കണമെന്ന് കാണുന്നില്ല. ഈ സാഹചര്യത്തിൽ നാറാണംമൂഴി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എസ്. പ്രസന്നനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. എസ്. പ്രസന്നൻ, മുൻ സെക്രട്ടറി നാറാണംമൂഴി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം. ഡി3-296/2018-വിജി. തീയതി 23.05.2018 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/108/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ